# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.399** 9/02/2016-ൽ

**മറുപടിക്ക്**

**കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി സെക്ഷൻ വിഭജനം**

-

| ചോദ്യം<br>ശ്രീ.സി.എഫ്. തോമസ്. | മറുപടി<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവി (എ) ഷനിൽപ്പെട്ട ചങ്ങനാശ്ശേരി സെക്ഷൻ വിഭജിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ടുള്ള നിവേദനം ലഭിച്ചി ട്ടുണ്ടോ; | ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിച്ചി ട്ടുണ്ടെന്ന് വ്യക്തമാക്കുമോ;<br><br>(സി) പ്രസ്തുത സെക്ഷൻ വിഭജിച്ച് ജനങ്ങൾ ക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | **(ബി)യും (സി)യും.**<br><br>പുതിയ സെക്ഷൻ ഓഫീസ് രൂപീകരണത്തിന് നിലവിലുള്ള മാനദണ്ഡമനുസരിച്ച് സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000ൽ അധികം ആവുകയും ചെയ്യേണ്ടതുണ്ട്. നിലവിലുള്ള ചങ്ങനാശ്ശേരി സെക്ഷൻ വിഭജിച്ച് വാഴപ്പള്ളിയിൽ സെക്ഷൻ ഓഫീസ് രൂപീകരി ക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. 35 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയും 24491 ഉപഭോക്താക്കളുമുള്ള ചങ്ങനാശ്ശേരി സെക്ഷൻ ഓഫീസ് മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾക്കുള്ളിൽ വരാത്തതിനാൽ ടി സെക്ഷൻ വിഭജനം പരിഗണിക്കാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ